## ഭരണഭാഷ മാതൃഭാഷ

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം

എഡി..സി2/5070/15/എച്ച്.എസ്.ഇ    തീയതി : 18/04/2015

## സർക്കുലർ

വിഷയം :- ഹ. സെ.വി.വ - ജീവനക്കാര്യം - ഓഫീസ് നടപടിക്രമങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്

സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റിൽ ലഭിക്കുന്ന കത്തുകളും മറ്റും ഓഫീസ് നടപടിക്രമങ്ങൾ പാലിക്കാതെ, വളരെ അലക്ഷ്യമായും ലാഘവത്തോടും കൂടി തയ്യാറാക്കുന്നതായി കാണുന്നു. ഇത്തരത്തിലുള്ള മനോഭാവം പലപ്പോഴും ഫയലിൽ നടപടി എടുക്കാൻ തടസ്സം സൃഷ്ടിക്കുകയും തദ്വാരാ സമയ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒന്നാകയാൽ, താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ എല്ലാ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകുന്നു.

1. വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാരും വിദ്യാർത്ഥികളും സമർപ്പിക്കുന്ന അപേക്ഷകൾ ഓഫീസ് മേധാവി എന്ന നിലയിൽ സൂക്ഷ്മ പരിശോധനക്കുശേഷം, ആവശ്യമെങ്കിൽ മാത്രം, വ്യക്തമായ ശുപാർശ ഉൾക്കൊള്ളുന്ന ആമുഖക്കത്തുസഹിതം മാത്രമേ ഡയറക്ടർക്കോ, മേഖലാ ഉപഡയറക്ടർമാർക്കോ അയയ്ക്കാവൂ. ഓഫീസ് ആവശ്യത്തിനുള്ള കത്തിടപാടുകളും മറ്റും നടത്തുന്നത് ഓഫീസ് നടപടികളെ സംബന്ധിച്ച മാന്വൽ (Manual of Office Procedures) പ്രകാരമായിരിക്കണം.

2. ഓഫീസിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും ഒരു രജിസ്റ്ററിൽ നമ്പറിട്ട് രേഖപ്പെടുത്തേണ്ടതാണ്. ഈ ഫയൽ നമ്പറും അയയ്ക്കുന്ന തീയതിയും കത്തുകളിലും നടപടിക്രമങ്ങളിലും മറ്റും രേഖപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പാളിന്റെ അധികാര പരിധിക്കകത്ത് പുറപ്പെടുവിക്കേണ്ടതായ നടപടിക്രമങ്ങളുടെ പകർപ്പുകൾ സർക്കാരിലേക്കോ, അക്കൗണ്ടന്റ് ജനറലിനോ, ഡയറക്ടർക്കോ, മേഖലാ ഉപഡയറക്ടർക്കോ ആമുഖ കത്തു സഹിതം മാത്രമേ അയയ്ക്കാവൂ. കൂടാതെ ഇപ്രകാരം പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങളിൽ വിഷയവുമായി ബന്ധപ്പെട്ട റൂൾ വ്യക്തമാക്കിയിരിക്കണം.

3. പാർട്ട് ടൈം പി.എച്ച്.ഡി ചെയ്യാൻ അനുമതി തേടികൊണ്ടുള്ള അപേക്ഷയോടൊപ്പം, പി.എച്ച്.ഡി രജിസ്ട്രേഷനുള്ള അപേക്ഷയുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രോസ്പെക്ടസിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. റിലീവിങ്ങിനുള്ള അപേക്ഷയോടൊപ്പം, പുതിയ തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്. റിലീവ് ചെയ്യപ്പെടുന്ന അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടികളോ സാമ്പത്തിക ബാദ്ധ്യതകളോ നിലവിലില്ല എന്ന വിവരം സാക്ഷ്യപ്പെടുത്തിവേണം പ്രിൻസിപ്പാൾമാർ ഇത്തരം അപേക്ഷകൾ ശുപാർശ ചെയ്യേണ്ടത്.

5. പാസ്പോർട്ടിനപേക്ഷിക്കാനുള്ള എൻ.ഒ.സി.ക്കായി രണ്ട് സെറ്റ് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. Annexure B format ലെ വിശദാംശങ്ങളും ഫോട്ടോയും പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. (format ഇതോടൊപ്പം കാണുക.) അപേക്ഷയോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെയോ, ആധാർ കാർഡിന്റെയോ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്.

6. പ്രസവാവധി പ്രിൻസിപ്പാളിന് അനുവദിക്കാവുന്നതാണ്. മറ്റവധികളിൽ 90 ദിവസം വരെയുള്ള അവധികളേ പ്രിൻസിപ്പാളിന് അനുവദിക്കാനാവൂ. ഇതിൽ കവിഞ്ഞ കാലാവധിക്കുള്ള അവധി അപേക്ഷകൾ പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിക്കേണ്ടതാണ്. ഇതിൽപ്പെടുന്ന സ്റ്റഡി ലീവ് അനുവദിക്കാൻ സർക്കാരിനുമാത്രമേ അധികാരമുള്ളു. അനുമതിയില്ലാതെ ദീർഘകാലാവധിയിൽ പ്രവേശിക്കുന്നത് അനുവദനീയമല്ല. ഇത്തരം സാഹചര്യങ്ങൾ പ്രിൻസിപ്പാൾ

ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഇതിൽ വരുന്ന വീഴ്ച ഗൗരവപൂർവ്വം കാണുന്നതാണ്.

7. പ്രൊബേഷൻ ഡിക്ലറേഷനുള്ള ശുപാർശയോടൊപ്പം നിയമന ഉത്തരവിന്റെയും, റഗുലറൈസേഷൻ ഉത്തരവിന്റെയും പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.

8. മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധനക്കുശേഷമേ അയയ്ക്കാവൂ. സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമുള്ള പക്ഷം അതിനുള്ള അപേക്ഷ കൂടി ബന്ധപ്പെട്ട അദ്ധ്യാപകൻ/അദ്ധ്യാപിക സമർപ്പിച്ചിരിക്കണം. ഒരു ലക്ഷത്തിനു താഴെയുള്ള ക്ലെയിമുകൾ ബന്ധപ്പെട്ട ആർ.ഡി.ഡി.ക്കും, ഒരു ലക്ഷത്തിനുമേലുള്ളത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ് :

എല്ലാ ആർ.ഡി.ഡി മാർക്കും
ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ
ബന്ധപ്പെട്ട അദ്ധ്യാപകർ

Annexure B

## NO OBJECTION CERTIFICATE

Certified that Sri./Smt..................... son of Sri................. who is an Indian National is an officiating employee of Higher Secondary Education Service from .................and is at present holding the post of Higher Secondary School Teacher in ............... in Government Higher Secondary School, ..............................This office has no objection to her acquiring Indian Passport. The undersigned is duly authorized to sign this Identity Certificate. I have read the provisions of Section 6(2) of the Passports Act, 1967 and certify that these are not attracted in the case of this applicant. I recommend issue of an Indian Passport to her. It is certified that this office is a State Government Department. The Electoral Identity Card number of Sri/Smt. ........................... is .......................

Photo

Name :
Designation
Address & :
Telephone No.